## ഗ്രേഡ് കാർഡ് വിതരണം

കണ്ണൂർ സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് കീഴിൽ എൻ.എ.എസ് കോളേജ് കാഞ്ഞങ്ങാട്, സെൻറ് പയസ് കോളേജ് രാജപുരം, ഇ കെ എൻ എം കോളേജ് എളേരിത്തട്ട് എന്നീ പരീക്ഷ കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് 2021 മാർച്ച് മൂന്നാം വർഷ ബി.എ/ബി.കോം/ ബി.ബി.എ (റഗുലർ/സപ്ലിമെന്ററി/ഇമ്പ്രൂവ്മെന്റ്), പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ ഗ്രേഡ് കാർഡ് 2/12/2021 വ്യാഴാഴ്ച എൻ.എ.എസ് കോളേജ്, കാഞ്ഞങ്ങാട് വച്ച് 10.30 AM മുതൽ 2.30 PM വരെ വിതരണം ചെയ്യപ്പെടുന്നു. വിദ്യാർത്ഥികൾ നിർബന്ധമായും ഹാൾ ടിക്കറ്റ്/ യൂണിവേഴ്സിറ്റി നൽകിയ തിരിച്ചറിയൽ രേഖ എന്നിവ ഹാജരാക്കേണ്ടതും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാകുന്നു.

## അസിസ്റ്റൻറ് പ്രൊഫസർ ഒഴിവ്

കണ്ണൂർ സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ ഇംഗ്ലീഷ് വിഷയത്തിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റൻറ് പ്രൊഫസർമാരെ കോഴ്സ് കോർഡിനേറ്റർമാരായി ഒരു വർഷത്തേക്ക് നിയമിക്കുന്നതിന് ഓൺലൈൻ ഇൻറർവ്യൂ നടത്തുന്നു. 25000 /- രൂപയാണ് നിലവിലെ പ്രതിമാസ വേതനം. പ്രസ്തുത വിഷയത്തിൽ 55 ശതമാനത്തിൽ കുറയാത്ത ബിരുദാനന്തര ബിരുദവും നെറ്റും ആണ് അടിസ്ഥാന യോഗ്യത. അന്യ സംസ്ഥാന സർവ്വകലാശാലയിൽ നിന്നും യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ കണ്ണൂർ സർവ്വകലാശാല നൽകുന്ന തുല്യത സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് . താല്പര്യമുള്ളവർ നിർദിഷ്ട അപേക്ഷാ ഫോറം സർവകലാശാല വെബ്സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്ത് dirsde@kannuruniv.ac.in എന്ന ഇ മെയിൽ ഐ ഡി യിലേക്ക് 03/12/2021 അകം അയക്കേണ്ടതാണ്. അപേക്ഷാ ഫീസിനത്തിൽ 220/-രൂപ സർവ്വകലാശാല വെബ്സൈറ്റിലുള്ള "ഓൺലൈൻ പേയ്മെൻറ്സ്" എന്ന ലിങ്ക് വഴി സർവകലാശാലാ ഫണ്ടിൽ ഓൺലൈൻ ആയി അടച്ചതിന്റെ രശീതും അയക്കേണ്ടതാണ്. ഇന്റർവ്യൂ തീയ്യതി പിന്നീട് അറിയിക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് 0497-2715183 (www.kannuruniversity.ac.in) 05.11.2021 തീയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

## ടൈംടേബിൾ

**15.12.2021** ന് ആരംഭിക്കുന്ന **രണ്ടാം** സെമസ്റ്റർ **ബിരുദ** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), ഏപ്രിൽ 2021 പരീക്ഷകളുടെ ടൈംടേബിളുകൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 2014, 2019 സിലബസുകൾക്ക് വ്യത്യസ്ത ടൈംടേബിളുകളാണ്.